# 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 404** | **08-06-2021 - ൽ മറുപടിയ്ക്ക്**

## കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | 2017 ൽ ആരംഭിച്ച കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; നാളിതുവരെ എത്രകോടി രൂപ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ചു എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ? | (എ) | കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectres (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട പബ്ളിക്ക് ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം ഹിയറിംഗ് മാറ്റിവച്ചിരിക്കുകയാണ്. എന്നിരുന്നാലും ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊച്ചി - ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിക്കായി KSIDC മുഖേന ഇതുവരെ 3.599 |

| | | | |
|---|---|---|---|
| | | | കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. Particulars Amount (in Rs.) Consultancy Fee paid to Price Water Coopers - 3,46,58,960 Advertisement Expenses - 10,53,953 Printing, Travelling & Other Misc. Expenditure - 2,79,591 Total Expenditure - 3,59,92,504 ഇതിൽ പദ്ധതിയുടെ കൺസൾട്ടൻസി ചാർജ്ജ് ആയി നല്കിയിട്ടുള്ള 3.466 കോടി രൂപ NICDIT കെ.എസ്.ഐ.ഡി.സി ക്ക് തിരികെ നല്കിയിട്ടുണ്ട്. പാലക്കാട്/ആലത്തൂർ/കണ്ണമ്പ്രയിൽ 312 ഏക്കറിനുവേണ്ടി 346 കോടി രൂപ L.A. Special Tahasildar ക്കായി നിക്ഷേപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ